**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4926** **01-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതിയാണ് തയ്യാറാക്കിയത്; വിശദമാക്കുമോ; | (എ) | 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകൾക്ക് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ 2015-ൽ വന്ന ഭേദഗതി 21(എ) പ്രകാരം Wage Protection System നടപ്പിലാക്കി. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. Wage Protection System കൊണ്ടുവന്നതിലൂടെ പരിശോധനാ ഉദ്യോഗസ്ഥർക്ക് നേരിട്ട് സ്ഥാപന പരിശോധന നടത്താതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകൾക്ക് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ 2015-ൽ വന്ന ഭേദഗതി 21(എ) പ്രകാരം Wage Protection System നടപ്പിലാക്കി. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. Wage Protection System കൊണ്ടുവന്നതിലൂടെ പരിശോധനാ ഉദ്യോഗസ്ഥർക്ക് നേരിട്ട് സ്ഥാപന പരിശോധന നടത്താതെ തന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; | (സി) | തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുന്നുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2)-മാർ നടത്തുന്ന സ്ഥാപന പരിശോധന വഴിയും അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന വഴിയും മിനിമം വേതനം ഉറപ്പാക്കുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്.ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 മാരുടെ CUG (Closed User Group) നമ്പർ/ഒഫിഷ്യൽ ഇ-മെയിലിൽ മെസേജായി ലഭിക്കുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് അപ് ലോഡ് ചെയ്യുകയും ചെയ്യുന്നു. |
| (ഡി) | ഈ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും ആയത് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | എന്നത് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. നിയമലംഘനം കണ്ടെത്തിയ കേസുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ